# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## ഗവ. എൽ.പി എസ് പനപ്പെട്ടി

## പോരുവഴി പി.ഒ



## ശാസ്താംകോട്ട സബ്ജില്ല

## കൊല്ലം ജില്ല

# ആമുഖം

പനപ്പെട്ടി ഗവ: എൽ.പി. സ്കൂളിനെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനാകും വിധമുള്ള പ്രവർത്തന പദ്ധതികൾ തയ്യാറാക്കാനാണ് അക്കാഡമിക് മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തിയത്.

അക്കാദമികമായി ഉയർന്ന നിലവാരത്തിൽ പ്രവർത്തിക്കുന്ന നമ്മുടെ സ്കൂളിന് വികസന ലക്ഷ്യങ്ങൾ ആർജ്ജിക്കാൻ അക്കാദമികവും ഭൗതികവും സാമൂഹികവുമായി ഒട്ടേറെ സാഹചര്യങ്ങൾ കൂട്ടിയോജിപ്പിക്കേണ്ടതുണ്ട്.

വിഷയാടിസ്ഥാനത്തിലുള്ള മികവിനൊപ്പം ആധുനിക കാലത്തെ വെല്ലുവിളികളെ ശാസ്ത്രീയ വീക്ഷണങ്ങളിലും ശാരീരികമാനസിക വെല്ലു വിളികൾ നേരിടുന്ന കുട്ടികളുൾപ്പെടെ എല്ലാ കുട്ടികളെയും പൊതു സമൂഹത്തിന് മാതൃകയായി വളർത്തത്തക്കവിധം വിദ്യാലയം മികവിന്റെ കേന്ദ്രമാക്കുക എന്നതതുമാണ് പ്രവർത്തന പദ്ധതി ലക്ഷ്യമാക്കുന്നത്.

ഈ വിദ്യാഭ്യാസവികസന പദ്ധതിക്ക് എല്ലാവിഭാഗം ജനങ്ങളുടെ പിന്തുണയും സർക്കാരിന്റെ പിന്തുണക്കൊപ്പം കോർത്തിണക്കാം

## വിദ്യാലയ ലഘുചരിത്രം

കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട ഗ്രാമ പഞ്ചായത്തിൽപ്പെട്ട ഈ സ്കൂൾ 1962 ൽ സ്ഥാപിതമായി. നാട്ടിലെ സാമൂഹിക സാംസ്കാരിക പ്രവർത്തകരുടെ കൂട്ടായ്മയിൽ പ്രൈമറി സ്കൂൾ ഇല്ലാത്ത നമ്മുടെ ഗ്രാമത്തിൽ നിയമനിർമ്മാണം അനുവദിച്ചെടുത്ത് സ്കൂൾ കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും തയ്യാറാക്കി. ആദ്യഹെഡ്മാസ്റ്റർ ശ്രീ.നീലകണ്ഠൻ നായരുടേയും ഒരു കൂട്ടം മാതൃക അദ്ധ്യാപകരുടെയും കൂട്ടായ്മയിൽ സ്കൂൾ പ്രവർത്തനം അധിവേഗം പുരോഗമിച്ചു. ആദ്യ പി.ടി.എ പ്രസിഡന്റ് ശ്രീ.നീലകണ്ഠന്റെ മകൾ ശ്രീലതയായിരുന്നു ആദ്യമായി അഡ്മിഷന്റെ നേടിയ വിദ്യാർത്ഥി പോരുവഴി ശാസ്താംകോട്ട പഞ്ചായത്തുകളിലെ വിദ്യാർത്ഥികളാണ് ധാരളമായി ആദ്യ വർഷം മുതൽ ഇവിടെ ചേർന്ന് അദ്ധ്യായനം നടത്തിയിട്ടുള്ളത്.

കേവലം ഓലഷെഡ്ഡിൽ പ്രവർത്തനം ആരംഭിച്ച സ്കൂളിൽ ഇന്ന് എല്ലാ ക്ലാസ്സിലേയും കുട്ടികൾക്ക് ഇരുന്നു പഠിക്കാനുള്ള ക്ലാസ്സ് മുറികളും ഓഫീസ്മുറിയുമുണ്ട്.

പാഠ്യ പാഠ്യേതര വിഷയങ്ങളിൽ മികവുപുലർത്തുന്ന നമ്മുടെ നമ്മുടെ സ്കൂളിന് ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെയും ഗവൺമെന്റിന്റേയും പൊതു സമൂഹത്തിന്റേയും ശക്തമായ പിന്തുണയും സഹായങ്ങളും യഥോചിതം ലഭിക്കുന്നുണ്ട്.

9 അദ്ധ്യാപകരാണ് ഇപ്പോൾ ഈ സ്കൂളിൽ പ്രവർത്തിക്കുന്നത്. പാഠ്യ പദ്ധതിവിഭാവനം ചെയ്യുന്ന ശേഷികളിൽ കുട്ടികളെ എത്തിക്കാൻ എല്ലാ അദ്ധ്യാപകരും അക്കാദമികമായി ഉയർന്ന നിലവാരം പുലർത്തുന്നവരാണ്.

# പൊതുലക്ഷ്യങ്ങൾ

*. വിദ്യാലയത്തിന്റെ പരിധിയിൽ വരുന്ന പ്രൈമറി വിദ്യാഭ്യാസപ്രായത്തിലുള്ള എല്ലാവരേയും വിദ്യാലത്തിലേക്ക് ആകർഷിക്കുക.

*. പ്രവേശിക്കപ്പെട്ട എല്ലാ വിദ്യാർഥികൾക്കും അവസരവും പങ്കാളിത്തവും നൽകി അവരുടെ നാനാവിധമായ കഴിവുകൾ വികസിപ്പിക്കുക.

*. ഇംഗ്ലീഷിൽ അനായസം ആശയവിനിമയം നടത്താൻ കഴിവുള്ളവരായി വിദ്യാർഥികളെ മാറ്റിയെടുക്കുക.

*. പൊതുവിദ്യാഭ്യാസത്തിന്റെ കരുത്ത് സമൂഹത്തെ ബോധ്യപ്പെടുത്തി പിന്തുണ ആർജിക്കുക.

*. വിദ്യാലയത്തിന്റെ ഭൗതികസൗകര്യം ശിശുസൗഹൃദപരമാക്കുക.

*. ആകർഷകവും ആധുനികസൗകര്യങ്ങളോടും കൂടിയതുമായ പഠനാന്തരീക്ഷം ഉറപ്പാക്കുക.

*. ആരോഗ്യശീലങ്ങൾ പാലിക്കൽ, പൊതുസ്ഥാപനങ്ങൾ ശുചിയായി സൂക്ഷിക്കൽ എന്നിവ തന്റെ കടമയാണെന്നു മനസിലാക്കി പ്രവർത്തിക്കാനുള്ള ശീലം വിദ്യാലയത്തിൽ നിന്നും സ്വാംശീകരിക്കാനുള്ള അവസരം ഒരുക്കുക.

*. എല്ലാ കുട്ടികൾക്കും ആരോഗ്യസംരക്ഷണം, പോഷകാഹാരം, ശുചിത്വാന്തരീക്ഷം എന്നിവ ഉറപ്പുവരുത്തുക.

*. എല്ലാ കുട്ടികളേയും വായനാശീലമുള്ളവരാക്കി മാറ്റുക.

*.എല്ലാ വിദ്യാർഥികളുടെയും രചനാപരമായ കഴിവ് വളർത്തുക.

*. സമൂഹ പങ്കാളിത്തത്തോടെ സ്കൂൾ ലൈബ്രറി വികസിപ്പിക്കുക.

പിന്നിലാകില്ലെന്നുറപ്പു വരുത്തുക (നാലാം ക്ലാസ് പൂർത്തിയാക്കുന്ന ഒരു കുട്ടി കമ്പ്യൂട്ടറിൽ മലയാളം ടൈപ്പ് ചെയ്യാനും നെറ്റിൽ നിന്നും വിവരം ശേഖരിക്കാനും സ്വന്തം ഫോൾഡറിൽ വിഭവങ്ങൾ സൂക്ഷിക്കാനും കഴിവുള്ള ആളാകണം)

*. കമ്പ്യൂട്ടർ ഉപോഗിച്ചുള്ള അധ്യാപനത്തിലൂടെ പഠനം കൂടുതൽ കാര്യക്ഷമമാക്കുക

*. കുട്ടികളിൽ ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിച്ചു കൊണ്ട് ശാസ്ത്ര പഠനം ശക്തിപ്പെടുത്തുക.

*. കുട്ടിശാസ്ത്രജ്ഞരെ വളർത്തിയെടുക്കുക

*. എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കി അക്കാദമിക മികവിനായി പ്രാദേശിക പഠനയാത്രകൾ, ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിച്ച് സ്വയം പഠനശേഷി വികസിപ്പിക്കുക.

*. അവകാശനിയമം അനുശാസിക്കുന്ന വിധം എല്ലാ ക്ലാസിലും എല്ലാ പാഠപുസ്തകങ്ങളും ഉറപ്പാക്കുക

* പരിഹാരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത പഠനപിന്നാക്കാവസ്ഥ പരിഹരിക്കുക.
* കായികക്ഷമതയുള്ള തലമുറയെ വളർത്തിയെടുക്കുക.
* പ്രവർത്തിപരിചയനൈപുണികളിൽ എല്ലാവർക്കും പ്രവീണ്യം നേടാൻ അവസരമൊരുക്കുക
* കലാ കായിക പ്രവൃത്തിപരിചയ മേളകളിലെ ഇനങ്ങളിലെല്ലാം പങ്കാളിത്തം ഉറപ്പാക്കുക.
* കുട്ടിളുടെ അക്കാദമിക നിലവാരം ഉയർത്തുന്ന വേദിയായി സ്കൂൾ അസംബ്ലിയെ പുനസംഘടിപ്പിക്കുക.
* സഭാകമ്പമില്ലാതെ സദസിനെ അഭിസംബോധന ചെയ്യാനുള്ള ശേഷി എല്ലാ കുട്ടികളിലും വളർത്തുക.
* സവിശേഷ ദിനങ്ങളുടെ പ്രത്ര്യേകതയും പ്രാധാന്യവും ബോധ്യപ്പെടുത്തുക.
* വിവിധ ക്ലബ്ബ് പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സമൂഹത്തിൽ സ്കൂളിന്റെ സ്വീകാര്യത ഉയർത്തുക.
* കുട്ടികളിൽ നേതൃത്വപാടവം, ആശയവിനിമയ ശേഷി, ശാസ്ത്രാവബോധം, ജനാധിപത്യ ബോധം എന്നിവ വളർത്തുന്നതിനും കുട്ടികളിലെ കലാ സാഹിത്യ വാസനകൾപ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും അവസരമൊരുക്കുക.
* കുട്ടികളിൽ സർഗാത്മകത വികസിക്കുന്നതിന് അവസരമൊരുക്കുക. സാഹിത്യകാരൻമാരേയും കൃതികളേയും അറിയുന്നതിന് വേദിയൊരുക്കുക.
* വിമർശനാത്മത ചിന്ത, വിശകലനാത്മക ചിന്ത തുടങ്ങിയ ഉയർന്ന കഴിവുകൾ നേടാനവസരമൊരുക്കുക.
* വിദ്യാലയവികസന പ്രവർത്തനങ്ങളിൻ കുട്ടികളുടെ അഭിപ്രയങ്ങൾക്കും ആശയങ്ങൾക്കും ഇടം നൽകുക.
* ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കാൻ അവസരമൊരുക്കുക.

34. ഭിന്നശേഷിയുള്ള കുട്ടികൾക്ക് പിന്തുണ നൽകേണ്ടത് തന്റെകൂടി കടമയാണെന്ന ധാരണയോടെ പ്രവർത്തിക്കാൻ സഹപാഠികളെ പ്രാപ്തരാക്കുക.

* അനുരൂപീകരണപഠനസാധ്യതകൾ കണ്ടെത്തുക.
* വിദ്യാലയത്തിന്റെ പുരോഗതിയിൽ തല്പരരായ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ വിദ്യാലയവികസനത്തിന് ലഭ്യമാക്കുക
* എസ്.എം സി. ക്ലാസ് പി ടി എ എന്നിവ ശക്തമാക്കുക
* വിദ്യാലയമികവുകൾ സമൂഹവുമായി പങ്കിടുന്നതിനുള്ള വേദികൾ സൃഷ്ടിക്കുക വിദ്യാഭ്യാസ അവകാശനിയമത്തെക്കുറിച്ച് സമൂഹവുമായി ആശയവിനിമയം നടത്തുക

# നിലവിലെ അവസ്ഥാവിശകലനം

ഭൗതികം

ക്ലാസ്സ് മുറികൾ കുട്ടികളുടെ എണ്ണമനുസരിച്ച് ഉണ്ട്. കമ്പ്യൂട്ടർ ലാബിനായി മുറി സജ്ജീകരിച്ചിട്ടുണ്ട്. കളി ഉപകരണങ്ങൾ, സംഗീത ഉപകരണങ്ങൾ ഇവ ലഭ്യമാക്കണം, കളിസ്ഥലം വാങ്ങേണ്ടതുണ്ട്., ജൈവ വൈവിധ്യപാർക്ക് ഉണ്ടാകേണ്ടതുണ്ട്. 34 കി.മി ദൂരത്തുനിന്ന് ഇവിടെയെത്തി പഠിക്കുന്ന കുട്ടികൾക്ക് സ്കൂൾ ബസ് ഒരു വലിയ സഹായമാകും.

അക്കാദമികം

വിവരസാങ്കേതികവിദ്യ ആധുനിക രീതിയിൽ വിനിമയം ചെയ്യാൻ അദ്ധ്യാപക പരിശീലനവും ഉപകരണമായി നിയമിക്കണം. ലാംഗ്വേജ് ലാബ് സജ്ജീകരണം കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിക്കുകയും നിലവിലെ അധ്യാപകർക്ക് കൂടുതൽ പരിശീലനം നൽകുകയും വേണം.

## നിലവിലെ അവസ്ഥ

എൽ.പി വിഭാഗത്തിൽ 145 കുട്ടികളും പ്രീ-പ്രൈമറി വിഭാഗത്തിൽ 37 കുട്ടികളും ഇവിടെ പഠിക്കുന്നു. എല്ലാ ക്ലാസ്സുകളിലും 2 ഡിവിഷനുകൾ വീതമുണ്ട്. എല്ലാ ക്ലാസ്സിലും മലയാളം ഇംഗ്ലീഷ് (എൽ.സി.ഇ.ആർ.ടി) മീഡിയം പഠനം നടക്കുന്നു. എല്ലാ അദ്ധ്യാപകരും അക്കാദമികമായി ഉയർന്ന നിലവാരം കുട്ടികളിലെത്തിക്കാൻ യോഗ്യതയുള്ളവരും നിരന്തരം അതിനായി പ്രവർത്തിക്കുന്നവരുമാണ്. പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക സമയം കണ്ടെത്തി അവരെ മെച്ചപ്പെടുത്താൻ എല്ലാ അദ്ധ്യാപകരും ശ്രദ്ധിക്കുന്നു. ശ്രീമതി. സജിത പരിശീലകയായ പ്രതിഭാ കേന്ദ്രം പഠനത്തിനൊരു കൈത്താങ്ങായി പ്രവർത്തിക്കുന്നു. ഹെഡ്മിസ്ട്രസ്സും 8 അദ്ധ്യാപകരും നിലവിലുണ്ട്.

ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന വിദ്യാഭ്യാസ പരിപാടികൾ കുട്ടികൾക്ക് പുത്തനുണർവ്വ് നൽകുന്നു. വായനാക്കൂട്ടം പരിപാടി എടുത്തു പറയാ വുന്നതാണ്. ഇതിനായി 4,3 ക്ലാസ്സുകളിലെ അദ്ധ്യാപകർ വളരെശ്രമം നടത്തി കുട്ടികളെ സജ്ജരാക്കുന്നു. ഈ പരിപാടിക്കായി നൽകുന്ന വായനാ പ്രവർത്തന ങ്ങളിലൂടെ ധാരാളം ലൈബ്രറി പുസ്തകങ്ങളും പത്രങ്ങളും നിരന്തരം വായിച്ച് കുറിപ്പുകൾ തയ്യാറാക്കാനും അതിലൂടെ സർഗരചനയുടെ ഉയർന്ന നിലവാരത്തിലെത്താനും കുട്ടികൾക്ക് കഴിഞ്ഞു

എസ്.എസ്. ജി , പൂർവ്വ വിദ്യാർത്ഥികൾ,ലൈബ്രറികൾ, എസ്.എം.സി, മാതൃസമിതി, എസ്.ആർ.ജി ,സ്കൂൾ ക്ലബ്ബുകൾ ഇവയൊക്കെ കുട്ടികളുടെ പഠനപുരോഗതിക്കും സമൂഹത്തിൽ സ്കൂളിന്റെ പദവി ഉയർത്തുന്നതിനും സഹായിക്കുന്നു. സ്കൂൾ എപ്പോഴും ശുചിത്വമുള്ളതായി സൂക്ഷിക്കുന്നതിനും ഹരിതാഭമാക്കാനും പി.ടി.സി.എം. ആർജിയും എല്ലാ അധ്യാപകരും കുട്ടികളും ശ്രദ്ധിക്കുന്നു. ഭക്ഷണ പരിപാടി വളരെ വിജയകരമായി നടപ്പാക്കാൻ പാചകവൈഭവമുള്ള ജീവനക്കാരിയാണ് സുമംഗലയമ്മ.

അക്കാദമികവും ഭൗതികവുമായ എല്ലാ പിന്തുണയും നൽകാൻ എസ്.എം.സി. ചെയർമാനും  കമ്മറ്റി അംഗങ്ങളും ശ്രദ്ധിക്കുന്നുണ്ട്,എസ്.എസ്.എ ,ഡയറ്റ് ഇവയുടെ പിന്തുണ എപ്പോഴും പ്രചോദനം നൽകുന്നു.

ഈ ഗ്രാമത്തിലെ 37 കുട്ടികൾ  അധ്യയനം നടത്തുന്ന പ്രീ-പ്രൈമ റി വിഭാഗത്തിൽ രണ്ട് അദ്ധ്യാപകരും ഹെൽപ്പറുമുണ്ട്. സജീവ ശ്രദ്ധയോടെ കുട്ടികളെ പഠന സജ്ജരാക്കാനും അവരുടെ ആരോഗ്യവും ചുറുചുറുക്കും മെച്ചപ്പെടുത്താനും പര്യാപ്തമാണ്. ഈ വർഷം SSA വർണക്കൂടാരം പദ്ധതി അനുവദിച്ചിട്ടുണ്ട്. അതിന്റെ പണി പുരോഗമിക്കുകയാണ്. പൂർത്തിയാകുമ്പോഴേക്കും പ്രീ-പ്രൈമറി തലം അന്താരാഷ്ട്ര നിലവാരത്തിലെത്തുമെന്നതിൽ തർക്കമില്ല

കഴിഞ്ഞ 5 വർഷം കണക്കാക്കുമ്പോൾ കൊഴിഞ്ഞുപോകൽ ഇല്ലാതാക്കാൻ കഴിഞ്ഞു. പഠനപിന്നോക്കക്കാരുടെ എണ്ണം കുറയ്ക്കാനായി.
ഏറ്റെടുത്ത പ്രവർത്തനങ്ങൾ 100% വിജയത്തിലെത്തിയിരിക്കുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ബി.ആർ.സി സഹായത്തോടെ പരമാവധി സഹായം ചെയ്തു കൊണ്ടിരിക്കുന്നു. പെൺകുട്ടികളുടെ പഠനത്തിലും സുരക്ഷയിലും അവരുടെ വ്യക്തിത്വ വികസനത്തിനും സ്കൂൾ സജീവ ശ്രദ്ധ ചെലുത്തുന്നു.

ഭൗതിക സാഹചര്യങ്ങൾ പരമാവധി ഒരുക്കി തരുന്നതിനോടൊപ്പം ഗ്രാമപഞ്ചായത്ത് തനത് വിദ്യാഭ്യാസ പദ്ധതികൾ നടപ്പാക്കിയും ഈ സ്കൂളിലെ കുട്ടികളെ പുണ്യവും ചുറുചുറുക്കുള്ളവരാക്കിയിരിക്കുന്നു. എസ്.എം.സി, എം.പി.റ്റി.എ പ്രവർത്തനങ്ങളും ഇതോടൊപ്പം അതീവ ജാഗ്രതയോടെ ചേർന്നുനിൽക്കുന്നു

സ്കൂൾ ബസ് ഇല്ലാത്ത തിനാൽ പ്രൈവറ്റ് വാഹനങ്ങളിൽ കുട്ടികളെ കൊണ്ടുവരുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നു. നിലവിലെ ഓടിട്ട പഴയ കെട്ടിടം ഒട്ടേറെ ബുദ്ധിമുട്ടുകളുള്ള തിനാൽ ആധുനികമായ പുതിയ കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. കെട്ടി പണിച്ചുറ്റുകൾ അടിയന്തിര ആവശ്യമാണ്.

# തനതു പ്രവർത്തനം

നാലാം ക്ലാസിലെത്തുന്ന എല്ലാ കുട്ടികളും അടിസ്ഥാന ഭാഷാഗണിത ശേഷികൾ നേടുക

പ്രവർത്തനങ്ങൾ

- 2025 ജൂൺ - വർഷാരംഭം അടിസ്ഥാന ശേഷി നിർണയ പരീക്ഷയും വിശകലനവും
- കുട്ടികളെ കണ്ടെത്തി രേഖപ്പെടുത്തി വയ്ക്കുന്നു.

| ക്ലാസ് | ഭാഷാപരമായി കൂടുതൽ പിന്തുണ വേണ്ടവർ മാതൃഭാഷ | പിന്തുണാ മേഖല | ഗണിതത്തിൽ കൂടുതൽ പിന്തുണ വേണ്ടവർ | പിന്തുണാ മേഖല |
|---|---|---|---|---|
| | | | | |

വിദഗ്ധരുമായി ആലോചിച്ച് പ്രവർത്തന പദ്ധതി തയ്യാറാക്കൽ

ജൂലൈ

- വായനയിൽ പിന്നോക്കം നിൽക്കുന്നവരെ മെച്ചപ്പെടുത്തുന്ന കൂട്ടുവായന
- അമ്മമാരുടെ സഹായത്തോടെ വീട്ടിൽ ഭാഷാപഠനം
- പത്രവാർത്ത എഴുതലും വായിക്കലും കുട്ടി-കളുടെ ക്ലാസ് പത്രം, ഭാഷാ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പത്രം വിവിധ രീതിയിൽ പ്രയോജനപ്പെടുത്തുന്നു.
- വിരൽ ചിത്രങ്ങൾ, ഗുണനപട്ടിക എളുപ്പത്തിൽ പഠിക്കാനുള്ള ചാർട്ടുകളുടെ നിർമ്മാണം.
- ജീവിത ഗണിതം - തീം - വീട്ടുപകരണങ്ങൾ, വീട്
- സംഖ്യാരേഖകൾ (എണ്ണം പഠനം, മെസ്ഡ് കാർഡ്, ക്യൂസനെയർ
- സംഖ്യാചിത്രങ്ങൾ
- ലഘു സമ്മേളനം

ആഗസ്റ്റ്

- അമ്മമാരുടെ സഹായത്തോടെ വീട്ടിലെ ഗണിതപഠനം
- പ്രകൃതി ഗണിതം.
- ഗണിത പഠനം നിർമ്മാണത്തിലൂടെ
- ക്ലാസ് പതിപ്പുകൾ, ഡയറി
- വായനക്കൂട്ടായ്മ
- വായനാക്കാർഡുകൾ, ആക്ഷൻ കാർഡുകൾ നിർമ്മാണ

സെപ്റ്റംബർ

- ഓരോ കുട്ടിക്കും സഹായം - ഒരു ദിവസ ദൗർബല്യ പരിഹരിക്കാൻ പിന്തുണ.
- ക്ലാസ് പഠനത്തിൽ പിന്നോക്കക്കാരെ സഹായിക്കുന്ന രീതി വികസിപ്പിക്കാൻ

- പത്രവാർത്ത എഴുതലും വായിക്കലും ഭാഷാ-
പിന്നോക്കാവസ്ഥ പരിഹാരവും
- സ്വതന്ത്ര സന്ദർഭങ്ങളിൽ സചിത്ര സംഭാഷണ
രചന, കുറിപ്പ് തയ്യാറാക്കൽ, പോസ്റ്ററിന്റെ
പാഠം തയ്യാറാക്കൽ പ്രദർശിപ്പിക്കൽ.
- ജീവിത നൈപുണ്യം - സ്വയം - ബോധം.

ഒക്ടോബർ

- ഓരോ കുട്ടിക്കും സഹായം - ഒരു ദിവസം ഒരു
പ്രശ്നം പരിഹരിക്കാൻ പിന്തുണ
- വർക്ക് ഷീറ്റുകൾ പ്രയോജനപ്പെടുത്തി പരിഹാര-
ബോധനം.
- ജീവിത നൈപുണ്യം - സ്വയം - പാർപ്പിടം.
- പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ട്
കൊണ്ടുവരാൻ വേണ്ട പ്രവർത്തനങ്ങൾ രക്ഷിതാ
ക്കളുമായി നിരന്തരം ബന്ധപ്പെട്ട് ആസൂത്രണം
ചെയ്യുന്നു.

നവംബർ

പത്രവാർത്ത എഴുതലും വായിക്കലും ഭാഷാ
പിന്നോക്കാവസ്ഥ പരിഹാരവും (ഓരോ കുട്ടിക്കും
വാർത്താ ബുക്ക്, ശേഖരിച്ച വാർത്തകളുടെ
തലക്കെട്ടും പ്രധാന വാർത്താഭാഗവും എഴുതണം
നാല് ക്ലാസിൽ വായിച്ച് അവതരിപ്പിക്കണം)
- വിലയിരുത്താൻ ക്വിസ് (ക്ലാസിൽ അവതരിപ്പിച്ച
വാർത്തകളെ അടിസ്ഥാനമാക്കി)
- ഒന്നാം ക്ലാസുകാർ നിശ്ചിത അക്ഷരം വരുന്ന
വാർത്തകൾ ബോർഡിൽ ഒട്ടിക്കൽ.
- ജീവിത നൈപുണ്യം - വൈകാരിക ക്ഷമ (ക്ലാസ്സ് ?-[illegible]

ഡിസംബർ

നോട്ടീസെഴുത്ത് മത്സരം - സംഗീത വടിവിൽ

ജീവിത ഗണിതം - ശീലം - വസ്ത്രം

ജനുവരി

- ക്രിസ്മസ് പരീക്ഷയുടെ ഫല വിശകലനം, ഇടപെടൽ മേഖലകൾ നിശ്ചയിക്കൽ

ഫെബ്രുവരി.

ചെറുകഥകൾ വായിക്കൽ, കഥാപാത്രങ്ങൾ

കവിതാ പൂരണം

വായനാ മത്സരം., CPTA യിൽ അവതരണ

ഗണിതാശ്വമേധ പരിപാടി

മാർച്ച്

പഠനോത്സവത്തിൽ നാലാം ക്ലാസിലെ എല്ലാ കുട്ടികളും അടിസ്ഥാന ഭാഷാ, ഗണിത ശേഷികൾ നേടി എന്നു പ്രഖ്യാപിക്കൽ.

# ക്ലബ്ബുകൾ

ജൂൺ

1. എതെല്ലാം ക്ലബ്ബുകൾ എന്നു തീരുമാനിക്കൽ

2. ഓരോ ക്ലബ്ബിന്റേയും വാർഷിക രൂപീകരിക്കൽ (ഓരോ മാസവും എന്തെല്ലാം പ്രവർത്തനങ്ങൾ ഓരോ ക്ലബ്ബിനും എന്നു നിശ്ചയിക്കൽ)

ക്ലബ്ബ് - വാർഷിക ഫോർമാറ്റ്

| മാസം/ | ക്ലബ്ബുകളും പ്രതിമാസ പ്രവർത്തനങ്ങളും | | | |
|---|---|---|---|---|
| | ശുചിത്വ ക്ലബ്ബ് | ഗണിത ക്ലബ്ബ് | ശാസ്ത്ര/ പരിസ്ഥിതി ക്ലബ്ബ് | |
| ജൂൺ | | | | |
| ജൂലൈ | | | | |
| ആഗസ്റ്റ് | | | | |
| സെപ്റ്റംബർ | | | | |

ജൂലൈ

1. വിവിധ ക്ലബ്ബുകൾ രൂപീകരിക്കൽ എല്ലാ കുട്ടികളും എതെങ്കിലും ക്ലബ്ബിൽ അംഗമാണെന്ന് ഉറപ്പാക്കും വിധം)
2. ക്ലബ്ബിന്റെ നേതൃത്വം നിശ്ചയിക്കൽ, ചുമതലാവിഭജനം നടത്തൽ,
3. വിവിധ ക്ലബ്ബുകൾ രൂപീകരിക്കൽ, എല്ലാ കുട്ടികളും എതെങ്കിലും ക്ലബ്ബിൽ അംഗമാണെന്ന് ഉറപ്പാക്കും വിധം)
4. ക്ലബ്ബിന്റെ നേതൃത്വം നിശ്ചയിക്കൽ, ചുമതലവിഭജനം നടത്തൽ,
5. പ്രദേശിക വിദഗ്ദരുടെ സേവനം കൂടി പരിഗണിച്ച് കലണ്ടർ തയ്യാറാക്കൽ (ശുചീകരണം, സ്കൂൾ വേദിയൊരുക്കൽ, കുട്ടികളുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ ക്ലാസുകൾ..)
6. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനോദ്ഘാടനം

ആഗസ്റ്റ്

1. ക്ലബ്ബ് നേതൃത്വത്തിൽ സ്കൂൾ ശിൽപ്പശാലകൾ സംഘടിപ്പിക്കൽ
2. മികച്ച ക്ലബ്ബ് പ്രവർത്തനങ്ങൾ ക്ലാസ്സ് പി ടി എയിൽ പങ്കുവെയ്ക്കൽ

സെപ്റ്റംബർ

1. ക്ലബ്ബ് പ്രവർത്തനങ്ങളെ മേളകൾ, കലോത്സവങ്ങൾ, ഉപജില്ലാ ജില്ലാതല മത്സരങ്ങളുമായി ബന്ധിപ്പിക്കൽ

2. ക്ലബ്ബ് പ്രവർത്തനത്തിലൂടെ കുട്ടികൾ നേടിയ ശേഷികൾ വിലയിരുത്തൽ

3. ഗണിതത്തിന്റെ ഉയർന്ന ശേഷികൾ ആയ യുക്തി ചിന്ത reasoning, Visual Spatial പ്രശ്നാപഗ്രഥനശേഷി സൗന്ദര്യാത്മകത ഊഹിക്കൽ, അളക്കൽ, കൃത്യത, സൂക്ഷ്മത മുതലായ ഉറപ്പാക്കും വിധം ഉള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കുക - ഉദാഹരണം : - വിൽപ്പനക്ക് പറ്റുന്ന സാധനങ്ങൾ നിർമ്മിക്കുക, വിൽക്കുക, മറ്റുള്ളവർ ഉണ്ടാക്കുന്നതുമായി (ഗുണമേന്മ, വില), ചെയ്യുക

ഒക്ടോബർ

1. ക്ലബ്ബ് പ്രവർത്തനം സൂചകങ്ങൾ ഉപയോഗിച്ച് പരസ്പരം വിലയിരുത്തൽ
2. ശുചിത്വക്ലബ്ബിന്റെ പ്രവർത്തനത്തെ അനുമോദിക്കൽ
3. ക്ലബ്ബ് ചുമതലക്കാരുടെ വിലയിരുത്തൽ എസ്.ആർ.ജിയിൽ
4. സഹവൈജ്ഞാനിക മേഖലയുടെ വിലയിരുത്തൽ

നവംബർ

1. ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങളെ അനുമോദിക്കൽ
2. ക്ലബ്ബ് പ്രവർത്തനവും മേളകളുമായി ബന്ധിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങൾ
3. സഹവൈജ്ഞാനിക മേഖലയുടെ വിലയിരുത്തൽ

ഡിസംബർ

1. ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് മേള

ജനുവരി

1. ശാസ്ത്ര/പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ കിളികൾക്ക് കുടിനീരൊഴുക്കൽ
2. പക്ഷി നീരീക്ഷണം

ഫെബ്രുവരി

1. ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ കുട്ടികൾ നേടിയ ശേഷിയുള്ള വിലയിരുത്തൽ
2. ക്ലബ്ബ് പ്രവർത്തനം വാർഷികാവലോകന റിപ്പോർട്ട് തയ്യാറാക്കൽ

മാർച്ച്

1. ക്ലബ്ബുകളുടെ വാർഷിക, ക്ലബ്ബ് പ്രവർത്തനങ്ങളിലെ നാഴിക കല്ലുകൾ (പ്രദർശനം)

# 13. നിരന്തര വിലയിരുത്തൽ

**ജൂൺ**

1. വിദ്യാലയത്തിന്റെ സമീപനരേഖ

1. നിരന്തര വിലയിരുത്തൽ തന്ത്രങ്ങൾ, സന്ദർഭങ്ങൾ, രീതികൾ രേഖപ്പെടുത്തലുകൾ, റിപ്പോർട്ടിംഗ് എന്നിവ സംബന്ധിച്ച വിദ്യാലയത്തിന്റെ ധാരണ രൂപപ്പെടുത്തൽ (പ്രായോഗികത പരിഗണിച്ച്)

**എല്ലാ മാസവും നടക്കേണ്ടത്**

2. **പോർട്ട് ഫോളിയോ**

1. ഓരോ ക്ലാസിലെയും പ്രതിമാസ പോർട്ട് ഫോളിയോയിൽ വരേണ്ട ഉൽപ്പന്നങ്ങളെക്കുറിച്ച് എസ്.ആർ.ജി യിൽ കൃത്യതരേഖപ്പെടുത്തൽ എസ് ആർ ജിയിൽ കൃത്യതപ്പെടുത്തൽ

2. നോട്ട് ബുക്ക്/ഫോർട്ട് ഫോളിയോ കുട്ടിയുടെ വളർച്ചയെ ബോധ്യപ്പെടുത്തുന്ന തരത്തിൽ ചിട്ടപ്പെടുത്തുകയും സമഗ്രമാക്കുകയും ചെയ്യണം. മികച്ചവർക്ക് അംഗീകാരം നൽകണം

3. **ടീച്ചിംഗ് മാന്വൽ**

1. ടീച്ചിംഗ് മാന്വൽ നിരന്തര വിലയിരുത്തൽ സാധ്യതകൾ രേഖപ്പെടുത്തണം

2. പ്രതികരണപ്പേജിലെ രേഖപ്പെടുത്തലിന്റെ തുടർച്ചയായി പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം

3. കുട്ടികളുടെ പഠനോനേട്ടപുരോഗതിയുടെ തെളിവുകൾ പ്രതികരണപേജിൽ രേഖപ്പെടുത്തണം

4. ഗുണനിലവാര സൂചകങ്ങൾ കുട്ടികളെ ബോധ്യപ്പെടുത്തുന്ന വിധം പ്രക്രീയാസൂത്രണം

5. സ്വയം വിലയിരുത്തലിനും പരസ്പര വിലയിരുത്തലിനും സാധ്യതകളും രീതികളും ടീച്ചിംഗ് മാന്വലിൽ

**4. യൂണിറ്റ് ടെസ്റ്റ്**

1. ഓരോ യൂണിറ്റ് പൂർത്തിയാകുമ്പോഴും യൂണിറ്റ് ടെസ്റ്റ് നടത്തി ക്ലാസ് പി ടി എയിൽ പഠനനില, പുരോഗതി എന്നിവ രക്ഷിതാവിനെ അറിയിക്കണം

2. കുട്ടികളുടെ നോട്ട് ബുക്കുകളുടെ സമഗ്രതയ്ക്ക് യൂണിറ്റ് ടെസ്റ്റിൽ സ്കോർ ലഭിക്കണം (എൽ എസ് എസ് മാതൃക)

3. കുട്ടികൾ തയ്യാറാക്കുന്ന ചോദ്യങ്ങളുപയോഗിച്ചുള്ള യൂണിറ്റ് ടെസ്റ്റ്

**5. ക്ലാസ് പി ടി എ**

1. ഓരോ ക്ലാസിലും ഓരോ യൂണിറ്റിലും കുട്ടി നേടേണ്ട ആശയങ്ങൾ, ശേഷികൾ (പഠന നേട്ടം) എന്നിവ മുൻകൂട്ടി അധ്യാപക തയ്യാറാക്കി രക്ഷിതാക്കളെ അറിയിക്കണം എന്നു പറയണം

2. എല്ലാ കുട്ടികളുടേയും നോട്ട് ബുക്ക് /പോർട്ട് ഫോളിയോ, മറ്റ് ഉൽപ്പന്നങ്ങ
എന്നിവ ക്ലാസ്സ് പി ടി എയിൽ പ്രദർശിപ്പിക്കണം കുട്ടികളുടെ നോട്ട് ബുക
സമഗ്രമാക്കാനുള്ള ഇടപെടലുകൾ രീതി ചർച്ച, ക്ലാസ്സ് പി ടി എ യിൽ മാതൃ
പ്രദർശിപ്പിച്ച് ബോധ്യപ്പെടുത്തൽ

3. കുട്ടികളോട് നോട്ട് ബുക്ക്, പോർട്ട് ഫോളിയോ എന്നിവ രക്ഷിതാക്ക
സൂചകങ്ങൾ ഉപയോഗിച്ച് വിലയിരുത്തുന്നു. പൊതു വിലയിരുത്തലിന് ക്ലാ
പി ടി എയിലും, കോർണർ പി ടി എയിലും പ്രദർശിപ്പിക്കുന്നു.

4. പ്രതികരണപ്പേജിലെ രേഖപ്പെടുത്തലുകളിൽ നിന്നും ക്രോഡീകരി
കണ്ടെത്തലുകൾ ക്ലാസ് പി ടി എയിൽ അവതരിപ്പിക്കൽ

5. ഒന്നാം ടേം മൂല്യനിർണയം ക്ലാസ് പി ടി എയിൽ വിലയിരുത്തൽ

6. കുട്ടികളുടെ ഉൽപ്പന്നങ്ങൾ പോർട്ട് ഫോളിയോ, യൂണിറ്റ് ടെസ്റ്റ് വിലയി
ത്തൽ

**6. വർക്ക് ഷീറ്റുകൾ**

1. പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വർക്ക് ഷീറ്റുകളുടെ സാധ്യത പ്ര
ജനപ്പെടുത്തണം.

**7. സഹവൈജ്ഞാനിക മേഖല**

1. വൈജ്ഞാനിക മേഖലയെപ്പോലെ സഹവൈജ്ഞാനിക മേഖലക
ഊന്നൽ നൽകണം. കുട്ടികളുടെ ആ മേഖലയിലെ കഴിവുകളെ അംഗ
രിക്കണം.

2. വിദ്യാലയ അസംബ്ലി, സാഹിത്യസമാജം, ക്ലബ്ബ് പ്രവർത്തനം, ദിനാചര
എന്നിവയെ വിലയിരുത്തിനുള്ള വേദിയാക്കൽ

8. ടേം മൂല്യനിർണ്ണയ ഫലങ്ങൾ

1. ടേം മൂല്യനിർണ്ണയ ഫലങ്ങൾ ശാസ്ത്രീയ വിശകലനം ചെയ്യ
പങ്കുവെക്കണം. പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെ
നടപ്പിലാക്കണം.

2. അതുമൂലം ഉണ്ടായ പഠനപുരോഗതി എസ്.ആർ.ജി യിൽ അവതരിപ്പിച്ചിട്ട്
ക്ലാസ്സുകളിൽ വ്യാപിപ്പിക്കുന്നതിനുള്ള തീരുമാനം എടുക്കണം.

3. രണ്ടാം ടേമിന്റെ ഫലം ഒന്നാം ടേമുമായി താരതമ്യം ചെയ്യണം

4. കുട്ടികളുടെ മികച്ച ഉത്തരങ്ങൾ വിശകലനം ചെയ്യണം

5. എറർ അനാലിസിസ് ചെയ്യണം

9. എന്റെ കുട്ടികൾ

1. രേഖ തയ്യാറാക്കണം. സമഗ്രമാക്കണം

2. എന്തെല്ലാം കാര്യങ്ങൾ എഴുതണം (അസംബ്ലി, ക്ലബ്ബ് പ്രവർത്ത
ദിനാചരണം, സാഹിത്യസമാജം)

പഠനപ്രവർത്തനങ്ങൾ കലാകായിക പ്രവൃത്തിപരിചയം തുടങ്ങിയവയിൽ നിന്നും ലഭിക്കുന്ന എല്ലാ തെളിവുകളും പ്രയോജനപ്പെടുത്തണം.

10. പരിഹാരബോധനവും ക്രിയാഗവേഷണവും

1. ഭാഷ, ഗണിതം എന്നീ വിഷയങ്ങളിലെ മികവുകളും പ്രശ്നങ്ങളും പ്രതികരണപ്പേജിൽ നിന്നും ക്രോഡീകരിക്കൽ

2. ഗുണനിലവാര സൂചികങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ പഠനനേട്ടത്തിന്റേയും ക്ലാസിലെ അവസ്ഥ കണ്ടെത്തൽ

3. പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ട് കൊണ്ടുവരാൻ വേണ്ട പ്രവർത്തനങ്ങൾ രക്ഷിതാക്കളുമായി ചർച്ച ആസൂത്രണം

4. ക്രിയാഗവേഷണ ഫലങ്ങൾ ചർച്ച ചെയ്യൽ

## 14. ശുചിത്വം, ആരോഗ്യം

### എല്ലാ മാസവും നടക്കേണ്ടത്

1. ആഴ്ചയിൽ ഒരിക്കൽ എസ് എം സി അംഗങ്ങൾ ഒത്തുകൂടി സ്കൂൾ പരിസരം വൃത്തിയാക്കലിന് (ഡ്രൈഡേ) ആരംഭം കുറിക്കും

2. കുട്ടികൾക്കും അമ്മമാർക്കും ആരോഗ്യശുചിത്വ ബോധവൽക്കരണം

3. ആരോഗ്യ പരിശോധന നടത്തൽ

4. കുട്ടികൾക്കും അമ്മമാർക്കും ആരോഗ്യശുചിത്യ ബോധവൽക്കരണം

5. ഭക്ഷണ ശീലവുമായി ബന്ധപ്പെട്ട പോസ്റ്റർ പ്രദർശനം

6. മാറാലകൾ, പൊടിപടലങ്ങൾ, അനിവാര്യമല്ലാത്ത വസ്തുക്കൾ എന്നിവ നീക്കം ചെയ്യൽ (എല്ലാ റൂമിലും)

7. ക്ലാസ്സുകൾ ആകർശകമാക്കൽ (അടുക്കും ചിട്ടയും വൃത്തിയും)

8. ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ

9. ഭക്ഷ്യ സംഘടിപ്പിക്കൽ (കരുത്തും രുചിയും വൃത്തിയും)

8. ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ

9. ഭക്ഷമേള സംഘടിപ്പിക്കൽ (കരുത്തും രുചിയുംഎന്ന പാഠവുമായി ബന്ധിപ്പിച്ച്)

10. ഇലയറിവ് - ഇലക്കറികൾ പരിചയപ്പെടൽ

11. കിണർ, ടോയ്‌ലറ്റ്, പാചകപ്പുര, കൈകഴുകുന്ന ഇടങ്ങൾ എന്നിവ ശുചിയാക്കൽ

12. പരസരം, വൃത്തിയാക്കണം

14. ക്ലസ്സ്, സ്കൂൾ, വ്യക്തി ശുചിത്യ സൂചകങ്ങൾ വികസിപ്പിക്കൽ

15. ഓരോ ആഴ്ചയിലും മാറി മാറി ശുചിത്വ മോണിറ്ററിംഗ് വിദ്യാർത്ഥി ഗ്രൂപ്പുകളെ ചുമതലപ്പെടുത്തണം

16. ശുചിത്വവിദ്യാലയം കുട്ടികളുടെ സഭ.

## 14. പച്ചക്കറി കൃഷി

**ജൂൺ**

1. സമൂഹ പങ്കാളിത്തത്തോടെ സ്കൂൾ പച്ചക്കറി കൃഷി വികസനം
2. പച്ചക്കറിത്തോട്ടം - കുട്ടികൾക്ക് ചുമതല വിഭജനം
3. ജൈവവളനിർമ്മാണം
4. കൃഷിഭവനിൽ നിന്നും വിത്തുകൾ സംഘടിപ്പിക്കൽ
5. കൃഷി ഓഫീസറുടെ ക്ലാസ്
6. കർഷകനുമായി അഭിമുഖം

**ജൂലൈ**

1. കൃഷിയെ വിഷയപഠനവുമായി ബന്ധിപ്പിക്കാനുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കൽ
2. വീട്ടിൽ കൃഷി പ്രോത്സാഹിപ്പിക്കൽ
3. വിദ്യാലയ കൃഷി, കുടുംബ കൃഷി എന്നിവയ്ക്ക് പ്രവർത്തന പദ്ധതി ആവിഷ്കരിക്കൽ
4. കൃഷിയുപകരണങ്ങൾ വാങ്ങൽ
5. എല്ലാ കുട്ടികളും എല്ലാ കൃഷികളെയും പറ്റി മനസിലാക്കുന്ന രീതിയിൽ ഗ്രൂപ്പുണ്ടാക്കുക.

ആഗസ്റ്റ് മുതൽ

1. കൃഷിയും ഗണിതവും ഓരോ ക്ലാസിനും വേറിട്ട് സൂക്ഷ്മമായി ആസൂത്രണം
2. ആരോഗ്യശീലങ്ങൾ, ഭക്ഷണശീലങ്ങൾ എന്നിവ ക്ലാസ് പി ടി എയിൽ ചർച്ച ചെയ്യൽ
3. പാചകക്കാർക്ക് പരിശീലനം നൽകൽ
4. വീട്ടുവളപ്പിലെ കുട്ടികൃഷി പരിപാടി നടപ്പിലാക്കൽ
5. കൃഷി എന്ന പ്രവർത്തനത്തിലെ വേറിട്ട സാദ്ധ്യതകൾ അന്വേഷിക്കൽ
6. കർഷകദിനത്തിൽ മികച്ച കർഷകരെ സ്കൂളിൽ ആദരിക്കൽ
7. കർഷകനുമായി അഭിമുഖം
8. കൃഷിപ്പതിപ്പുകൾ

## 15. ഉച്ചഭക്ഷണ പരിപാടി

1. ഉച്ചഭക്ഷണക്കമ്മിറ്റി യോഗം ചേരൽ
2. മെനു തീരുമാനിക്കൽ
3. ദിനാചരണങ്ങൾ, ആഘോഷങ്ങൾ, ജന്മദിനം എന്നിവയുമായി ബന്ധിപ്പിച്ച് പ്രത്യേക വിഭവങ്ങൾ
4. ജന്മദിനകുറിക്കൂട്ട് (ഓരോ കുട്ടിയുടെയും ജന്മദിനത്തിന് ചെലവുകുറഞ്ഞ ഒരിലക്കറിയോ തോരനോ സ്പെഷ്യൽ ഇനമായി ലഭ്യമാക്കൽ)
5. വിശേഷദിന വിഭവങ്ങൾ എന്തെല്ലാം എന്നെല്ലാം എന്നു തീരുമാനിക്കൽ
6. അമ്മമാരെ ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധിപ്പിക്കൽ
7. ഉച്ചഭക്ഷണ പരിപാടിയുടെ മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കൽ
8. പാചകത്തിന്റെ ശാസ്ത്രം, അടുക്കള ഗണിതം, ഭക്ഷണ പദാർത്ഥങ്ങളും ഉൽപ്പാദിപ്പിക്കുന്ന നാടുകളും, ഇന്ധനവില, സ്കൂളിലെ ഉച്ചഭക്ഷണച്ചെലവ് ആഹാര സാധനങ്ങളുടെ അളവ് തുടങ്ങി പാചകത്തെ വിഷയപഠനമായി ബന്ധിപ്പിക്കൽ.
9. ഉച്ചഭക്ഷണം മാസത്തിൽ രണ്ടുദിവസം ഫ്രൈഡ് റൈസ്
10. ഭക്ഷണ വിതരണത്തിന് കൂടുതൽ പാത്രങ്ങൾ
11. ഭക്ഷണം കഴിക്കുന്നതിന് മെച്ചപ്പെട്ട സൗകര്യങ്ങളും രീതികളും
12. ഭക്ഷണം കഴിക്കുന്നതിന് മെച്ചപ്പെട്ട സൗകര്യങ്ങളും രീതികളും
13. ഭക്ഷണം രക്ഷിതാക്കളുടെ നേതൃത്വത്തിൽ വിലയിരുത്തൽ

## 16. എസ്.എം സി

**ജൂൺ**

1. എസ്.എം.സി അംഗങ്ങളുടെ ഏകദിന ശിൽപ്പശാല
2. വിദ്യാലയവികസനപദ്ധതി ചർച്ച ചെയ്യൽ
3. ഓരോ ഉപമേഖലയ്ക്കും ചുമതലക്കാരെ നിശ്ചയിക്കൽ
4. എസ്.എം.സി യോഗങ്ങൾ മാസത്തിലൊരിക്കൽ വീതം തീരുമാനിക്കൽ
5. അടുത്ത രണ്ടുമാസം വികസനപദ്ധതി പ്രകാരം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യൽ
6. പ്രവർത്തനങ്ങളുടെ ഫലം പങ്കിടുന്നതിനുള്ള രീതി നിശ്ചയിക്കൽ

**ജൂലൈ**

7. എസ്.എം.സി അംഗങ്ങൾക്കുള്ള പരിശീലനം (ഡയറ്റ്, ബി ആർ സി)
8. ക്ലാസ് പി ടി എ യുടെ ഉള്ളടക്കം, രീതി എന്നിവ സംബന്ധിച്ച് മാർഗരേഖ തയ്യാറാക്കി എസ്.എം.സിയുടെ അംഗീകാരം നേടൽ

**ആഗസ്റ്റ്**

9. എസ്.എം.സി യോഗം - യോഗനോട്ടീസിനൊപ്പം വിശദമായ അജണ്ട (ചർച്ചാസൂചനകൾ സഹിതം) നൽകൽ

10. അടുത്ത രണ്ടുമാസം വികസനപദ്ധതി പ്രകാരം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യൽ

11. ഓരോ എസ്.എം.സി യോഗം തീരുമ്പോഴും ആ എസ്.എം.സി യോഗ നടത്തിപ്പിനെക്കുറിച്ച് വിലയിരുത്തി മെച്ചപ്പെടാനുള്ള മേഖലകൾ കണ്ടെത്തൽ.

സെപ്റ്റംബർ മുതൽ

12. അടുത്ത രണ്ടുമാസം വികസനപദ്ധതി പ്രകാരം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യൽ

13. ആ എസ് എം സി യോഗ നടത്തിപ്പിനെക്കുറിച്ച് വിലയിരുത്തി മെച്ചപ്പെടാനുള്ള മേഖലകൾ കണ്ടെത്തൽ.

14. ക്ലാസ് പി ടി എ യുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി ഭവന സന്ദർശനം നടത്തൽ

15. ക്ലാസ് പി ടി എ യോഗനടപടികൾ കുട്ടികൾക്ക് അവസരം നൽകൽ

16. ത്രിവത്സര പദ്ധതിയുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും ശിൽപ്പശാല നടത്തി വരും വർഷത്തേക്ക് വിവിധ വികസനമേഖലകളിലേക്കുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കൽ

17. പഞ്ചായത്ത്, മറ്റ് ജനപ്രിനപ്രതിനിധികൾ എന്നിവരിൽ നിന്നും സഹായം വേണ്ട മേഖലകൾ നിശ്ചയിച്ച് നിവേദനം നൽകൽ

18. പ്രദേശിക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിദ്യാലയവികസനത്തിനുള്ള വിഭവസമാഹരണം നടത്തൽ.

# കമ്പ്യൂട്ടർ പരിശീലനം

**ജൂൺ മുതൽ മാർച്ച് വരെ**

1. ഐ ടി സങ്കേതം ഉപയോഗിച്ച് വിവിധ വിഷയപഠനം രസകരവും എളുപ്പവുമാക്കുന്നു

2. മികവുകളും പരമിതികളും എസ്.ആർ.ജിയിൽ ചർച്ച ചെയ്യുന്നു.

3. പരമിതികൾ മറികടക്കുന്നതിന് അക്കദമിക സ്ഥാപനങ്ങളുടെ പിന്തുണ തേടൽ

**ജൂൺ**

1. കമ്പ്യൂട്ടർ പരിശീലനവുമായി ബി ആർ സി / ഡയറ്റ് തുടങ്ങി. അക്കാദമിത സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തൽ

2. പഠനവിഷയവുമായി ബന്ധപ്പെട്ട കമ്പ്യൂട്ടർ സാധ്യതതകൾ ഓരോ ക്ലാസിലും ലിസ്റ്റ് ചെയ്യുക.

1.

| യൂണിറ്റ് | ഐ ടി സാധ്യത | വേണ്ട ഐ ടി മെറ്റീരിയലുകൾ |
|---|---|---|
| | | |

3. കമ്പ്യൂട്ടർ ഉപയോഗിച്ചിട്ടുള്ള അധ്യാപനത്തിലൂടെ പഠനം കൂടുതൽ കാര്യക്ഷമമാക്കുക

**ജൂലൈ**

1. എല്ലാ അധ്യാപകരും കമ്പ്യൂട്ടർ ഉപയോഗിക്കാൻ കഴിവുള്ള- വരാക്കുന്നതിനുള്ള പരിശീലനത്തിന് ടൈം ടേബിൾ തയ്യാറാക്കൽ - കുട്ടികൾക്ക് നിശ്ചിത സമയം ലഭിക്കത്തക്ക വിധം പരിശീലിനകലണ്ടർ തയ്യാറാക്കുക.

2. കുട്ടികളുടെ ഐ ടി പരിശീലന ലക്ഷ്യം, ഉള്ളടക്കം, സമയം ,ചുമതല നിശ്ചയിക്കൽ

3. അധ്യാപകർക്കും രക്ഷിതാക്കൾക്കും ഉള്ള പരിശീലന ഉള്ളടക്കം ചാർട്ട് ചെയ്യും

| പരിശീലിപ്പിക്കേണ്ടവ | | |
|---|---|---|
| **കുട്ടികൾക്ക്** | **രക്ഷിതാക്കൾക്ക്** | **അധ്യാപകർക്ക്** |
| | | |

4. പ്രാദേശിക വൈദഗ്ധ്യം കണ്ടെത്തലും പ്രയോജനപ്പെടുത്തലും

**ആഗസ്റ്റ്**

1. പഠനവിഷയവുമായി ബന്ധപ്പെട്ട കമ്പ്യൂട്ടർ സാധ്യതകൾ ക്ലാസിലും ചെയ്യുക
2. വിഭവങ്ങൾ സമാഹരിക്കും/നിർമിക്കുക
3. കമ്പ്യൂട്ടർ പരിശീലനത്തിനായി ബി ആർ സി / ഡയറ്റ് തുടങ്ങി. അക്കാദമിക സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തൽ
4. എല്ലാ അധ്യാപകരും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള കഴിവാർജിക്കുന്നതിനുള്ള വിദ്യാലയാധിഷ്ഠിത പരിശീലനം.

**സെപ്റ്റംബർ**

1. വിദ്യാലയത്തിൽ നിന്നുള്ള അറിയിപ്പുകൾ, ക്ലാസ് പത്രം, നോട്ടീസ്, റിപ്പോർട്ട് എന്നിവ വിദ്യാലയത്തിലെ അധ്യാപകരോ കുട്ടികളോ ടൈപ്പ് ചെയ്തവരായിരിക്കുമെന്നുറപ്പു വരുത്തുക
2. ക്ലാസ് പത്രം പ്രസിദ്ധീകരണം.
3. ക്ലാസ് പത്രത്തിന്റെ കോപ്പി പി ടി എ അംഗങ്ങൾക്ക് എല്ലാവർക്കും നൽകൽ (കുട്ടി നേടേണ്ട കഴിവുകൾ ക്ലാസ് വിശേഷങ്ങൾ, ക്ലാസിലെ നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കണം )

**നവംബർ**

1. ക്ലാസ് പി ടി എ മുമ്പാകെ കമ്പ്യൂട്ടർ പ്രയോജനപ്പെടുത്തി കുട്ടികൾ വിഷയ പഠനം നടത്തുന്നതെങ്ങനെയെന്നു പ്രദർശന ക്ലാസിലൂടെ ബോധ്യപ്പെടുത്തുക.
2. സന്നദ്ധയുള്ള രക്ഷിതാക്കൾക്ക് പരീശീലനം നൽകുക

**ഡിസംബർ**

1. കമ്പ്യൂട്ടറുപയോഗിച്ചുള്ള അധ്യാപനം - ട്രൈ ഔട്ട് - നാലാം ക്ലാസ്സ്
2. അനുഭവനം എസ് ആർ ജിയിൽ പങ്കിടൽ
3. വിഷയപഠനവുമായി ബന്ധിപ്പിച്ച് ഫോട്ടോ ഫോൾഡറുകൾ നിർമിക്കൽ.

**ജനുവരി**

1. കമ്പ്യൂട്ടറുപയോഗിച്ചുള്ള അധ്യാപനം - ഒന്നാം ക്ലാസിൽ -ട്രൈ ഔട്ട്
2. അനുഭവം എസ്.ആർ.ജി ജിയിൽ പങ്കിടൽ
3. വിഷയപഠനവുമായി ബന്ധപ്പിച്ച് വീഡിയോ/കവിതാ ഫോൾഡറുകൾ നിർമ്മിക്കൽ.

**ഫെബ്രുവരി**

1. രക്ഷിതാക്കളുടെ സഹായത്തോടെ നാലാം ക്ലാസിലെ എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ മലയാളം ടൈപ്പിംഗ് പരിശീലനം

**മാർച്ച്**

1. കുട്ടികളുടെ കമ്പ്യൂട്ടർ നൈപുണി രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്ന തത്സമയ പ്രായോഗിക പരീക്ഷ

## • പ്രത്യേക പരിഗണന അർഹിക്കുന്നവർ

**ജൂൺ**

1. കുട്ടികളെ അറിയാൻ (ഓരോ കുട്ടികളുടേയും വിവരങ്ങൾ അടങ്ങിയ നോട്ട്ബുക്ക് തയ്യാറാക്കൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കേസ് ഹിസ്റ്ററി ഓരോ ക്ലാസ് ടീച്ചറും തയ്യാറക്കണം)
2. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ രക്ഷിതാക്കളുടെ ബോധവൽക്കരണം)
3. പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ
4. ഓരോ അധ്യാപികയും ഈ കുട്ടികൾക്ക് നൽകാവുന്ന പിന്തുണ സൂചിപ്പിച്ച് പഠനാനുഭവങ്ങൾ അനുരൂപീകരിച്ച് ടീച്ചിംഗ് നോട്ടെഴുതൽ

**ജൂലൈ**

1. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടിക്കുള്ള സവിശേഷമായ കഴിവ് കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ
2. അവരുടെ ചെറിയ പുരോഗതി പോലും രക്ഷിതാക്കളുമായി പങ്കിടൽ
3. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കഴിവുകലുടെ പൊതു അംഗീകാരം നൽകൽ
4. അസംബ്ലിയിലും ക്ലാസിലും നിത്യവും പത്രവായനയും വികശകലനവും
5. അനുരൂപീകരണ പ്രവർത്തനങ്ങൾ

**ആഗസ്റ്റ്**

1. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി സംഘടിപ്പിക്കുന്ന ക്യാമ്പുകൾ, പരിശീലനങ്ങൾ എന്നിവയിൽ പങ്കെടുപ്പിക്കുന്നതിനുള്ള ക്രമീകരണം, ഗ്രാന്റുകൾ യഥാസമയം ശേഖരിച്ച് വിതരണം എന്നിവ ഉറപ്പാക്കണം
2. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി വ്യക്തിഗതബോധനപദ്ധതി ആസൂത്രണം ചെയ്യൽ
3. ബി ആർ സി യുമായി ചേർന്ന് പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി പ്രവർത്തനപദ്ധതി തയ്യാറക്കൽ
4. റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കൽ
5. അനുരൂപീകരണ പ്രവർത്തനങ്ങൾ

**സെപ്റ്റംബർ**

1. ഐ.ടി പരിശീലനം (പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ബോധപൂർവ്വം കൂടുതൽ അവസരം നൽകൽ)
2. ഓരോ അധ്യാപികയും ടീച്ചിംഗ് നോട്ടിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് നൽകാവുന്ന പിന്തുണ സൂചിപ്പിച്ച് പഠനാനുഭവങ്ങൾ അനുരൂപീകരിക്കൽ

**ഒക്ടോബർ**

1. എല്ലാ പ്രവർത്തനങ്ങളിലും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ബോധപൂർവ്വം പ്രദാനം ചെയ്യൽ

2. വിദഗ്ധരുടെ സേവനം പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കു ലഭ്യമാക്കൽ

3. പ്രത്യേക പരിഗണ അർഹിക്കുന്ന കുട്ടികളുടെ പുരോഗതി രക്ഷിതാക്കളുമായി പങ്കിടൽ

4. രക്ഷിതാക്കൾക്ക ബോധവത്കരണ ക്ലാസ്സ്

5. അനുരൂപീകരണ പ്രവർത്തനങ്ങൾ

**നവംബർ**

1. അവരുടെ പുരോഗതി രേഖപ്പെടുത്തൽ, രക്ഷിതാക്കളുമായി പങ്കിടൽ

2. റിസോഴ്സ് അധ്യാപകരുടെ സേവനം ലഭ്യമാക്കൽ

3. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കഴിവുകൾക്ക് പൊതു അംഗീകാരം നൽകാൻ

4. ക്ലാസ് റും പ്രവർത്തനത്തിൽ ഇവരുടെ പങ്കാളിത്തം ഉറപ്പാക്കൽ

5. അനുരൂപീകരണ പ്രവർത്തനങ്ങൾ

**ഡിസംബർ**

1. വ്യക്തിഗത പ്രൊഫൈൽ ക്ലാസി പി ടി എയിൽ അവതരിപ്പിക്കൽ

2. അനുരൂപീകരണ പ്രവർത്തനങ്ങൾ

**ജനുവരി/ഫെബ്രുവരി/മാർച്ച്**

1. അനുരൂപീകരണ പ്രവർത്തനങ്ങൾ

10. അടിസ്ഥാനശേഷി വികസനം

ജൂൺ

1. 2015 ജൂൺ - വർഷാരംഭം അടിസ്ഥാനശേഷി നിർണയപരീക്ഷയും വിശകലനവും

| ക്ലാസ് | ഭാഷാപരമായികൂടുതൽ പിന്തുണ വേണ്ടവർ (മാതൃഭാഷ) | പിന്തുണാ മേഖലകൾ | ഗണിതത്തിൽ കൂടുതൽ പിന്തുണവേണ്ടവർ | പിന്തുണാ മേഖലകൾ |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

# കലാകായിക പ്രവൃത്തിപരിചയ വിദ്യാഭ്യാസം

1. കലാ കായിക പ്രവൃത്തിപരിചയ പാഠ്യപദ്ധതിയും മേളകളുടെ മാന്വലും പരിശോധിച്ച് പരിശീലന ഇനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ
2. ആവശ്യമായ ഉപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ
3. കലാകയിക പരിശീലനത്തിന് പ്രവർത്തന പദ്ധതി തയ്യാറാക്കൽ (രണ്ടു രീതി സ്വീകരിക്കണം. എല്ലാ കുട്ടികൾക്കുമുള്ള കലാപരിശീലനം, കഴിവുള്ള വർക്കുള്ള പ്രത്യേക പരിശീലനം)
4. സാംസ്കാരിക പ്രവർത്തന പദ്ധതിയിൽ ഉൾപ്പെടുത്തി വിദഗ്ദരുടെ സേവനം ലഭ്യമാക്കൽ പഞ്ചായത്തുമായി ആലോചിച്ച് സംവിധാനം ഉണ്ടാക്കണം.
5. വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളുടെ കായിക ക്ഷമത പരിശോധിക്കൽ
6. സ്കൂൾ കോമ്പൗണ്ട് വിവിധ ക്ലാസുകളിലെ കുട്ടികളുടെ കായിക പരിശീലനത്തിന് അനുഗുണമാക്കി മാറ്റൽ
7. എസ്.എം സിയും പി ടി എയും കൂടിചേർന്ന് മാസത്തിൽ നിശ്ചിത ദിവസം പരിശീലനം കൊടുക്കാൻ സംവിധാനം ഏർപ്പെടുത്തൽ
8. എസ് എം സിയും സഹകരണത്തോടെ കായികമത്സരങ്ങൾ, നാടൻകളി പരിശീലനം കൊടുക്കാൻ സംവിധാനം ഏർപ്പെടുത്തൽ
9. കായികപരിശീലനഗ്രൂപ്പുകൾ രൂപീകരിക്കൽ
10. വിദ്യാലയ ഒളിമ്പിക്സ്
11. നാട്ടിലെ കായിക താരങ്ങളെ ആദരിക്കൽ
12. കലാപ്പതിപ്പ് നിർമ്മാണം
13. ശിശുദിനാകായിക മത്സരം
14. കേരളീയ നാടൻ കളികൾ പരിശീലനം
15. പന്തുകളി മത്സരം
16. കായികശേഷി വിലയിരുത്തി ഗ്രേഡ് നൽകൽ
17. മൈനർ ഗെയിംസ്
18. സ്കൂളിൽ എസ്.എം.ഡി നിയമിച്ചിരിക്കുന്നത് ഡാൻസ്, ചിത്രരചന, സംഗീതം അധ്യാപകരുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കും വിവിധ ഇനങ്ങൾ അവതരിപ്പിക്കുന്നതിന് അവസരമൊരുക്കും
19. ക്ലാസ്സ് കൈയെഴുത്തുമാസികയിൽ ചിത്രീകരണം നടത്തി ചിത്രരചനാ പരിശീലനം
20. അസംബ്ലി, ദിനാചരണങ്ങൾ, ബാലസഭ എന്നിവയെ കലാപരമായ ശേഷി വികാസത്തിനുള്ള അവസരമാക്കി മാറ്റൽ (വൈവിധ്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തൽ)

21. ഇന്ത്യ, കേരളം, ജില്ല എന്നിവ ജനതയുടെ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്ന വാർത്തകളും ചിത്രങ്ങളും ചേർത്ത് കൊളാഷ് രൂപടം നിർമ്മിക്കൽ
22. നോട്ട് ബുക്കിന്റെ ലേ ഔട്ട് ഭംഗിയുള്ളതാക്കൽ
23. ഒന്നാം ക്ലാസുമുതൽ ചിത്രപ്പതിപ്പുകൾ
24. പുതുവർഷദിന കലാമേള
25. തീം ആൽബം നിർമ്മിക്കൽ
26. അഭിനയം സംഘനൃത്തം, താളവാദ്യ പരിശീലനം (ക്രിസ്മസ് അവധിക്കാലത്ത്)
27. കലാപരമായ കഴിവുകൾ ഗ്രേഡ് ചെയ്യൽ
28. നാടൻപാട്ട് പരിശീലനം
29. തിയറ്റർ പരിശീലനം (അഭിനയ ശിൽപ്പശാല)
30. നാടകക്കൂട്ടം
31. വായിച്ച പുസ്കങ്ങളിലെ കഥ ചിത്രകഥയാക്കി പരിശീലിക്കൽ
32. വിവിധ വ്യഹഹാരരൂപരചനകളിൽ ചിത്രരചനാസാധ്യത പ്രയോജനപ്പെടുത്തൽ
33. സ്കൂൾ ചിത്ര പ്രദർശനം (നാട്ടിലെ കാലാകാരന്മാരുടെ സേവനം പ്രയോജനപ്പെടുത്തി)
34. സ്കൂൾ ഗായകസംഘം (കുട്ടികളും അമ്മമാരും അധ്യാപകരും)
35. ഓണവുമായി ബന്ധപ്പെട്ട പ്രവർത്തനത്തിൽ കളിപ്പാട്ട നിർമ്മാണ ശിൽപ്പശാല, കളിമൺ രൂപങ്ങൾ എന്നിവ നിർമ്മിക്കാനുള്ള പരിശീലനം
36. പ്രവൃത്തിപരിചയ ശിൽപ്പശാല - പേപ്പർ, മുത്ത്, കളിമണ്ണ്, ചിരട്ട എന്നിവ ഉൽപ്പന്നങ്ങളുടെ നിർമ്മാണവും പ്രദർശനവും, ചോക്ക്, ലോഷൻ, സോപ്പ് നിർമ്മാണം.

# പദ്ധതി വിശദാംശങ്ങൾ

**മേഖല** - **അക്കാദമികം**

**ഉപമേഖല** - **ഭാഷാപഠനം**

**1.ലക്ഷ്യങ്ങൾ**

- എല്ലാവർക്കും എഴുത്തും വായനയും
- മാതൃഭാഷാ നിലവാരം ഉയർത്തൽ.
- ഭാഷാവിനിമയ നിലവാരമനുസരിച്ച് കുട്ടികളെ തരം തിരിക്കുന്നു.
- കുട്ടികളുടെ നിലവാരമനുസരിച്ച് വായന സാമഗ്രികളായ വായനാകാർഡുകൾ, ബാലസാഹിത്യ കൃതികൾ ഇവ നൽകൽ,
- ഉറക്കെ വായനാപരിശീലനം

കാലയളവ്-ഒരു വർഷം- (ജൂൺ- മാർച്ച്)

**2.ക്ലാസ് ലൈബ്രറി**

ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളേയും വായനയിലേക്ക് ആകർഷിക്കൽ
2. എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ലഭ്യമാക്കൽ

പ്രവർത്തനങ്ങൾ

1. സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ, ക്ലാസ് ലൈബ്രറികളിലേക്ക് തരം തിരിക്കുന്നു.
2. S .S.G. S.M.C ഇവയുടെ സഹകരണത്തോടെ വിഷയാടിസ്ഥാനത്തിൽ ആവശ്യമായ പുസ്തകങ്ങൾ സമാഹരിക്കുന്നു.
3. ഭിന്നശേഷിക്കർക്കും പഠന പിന്നോക്കക്കാർക്കുമായി ആകർഷകമായ പുസ്തകങ്ങൾ പ്രത്യേകം ക്രമീകരിക്കുന്നു.
4. വായിച്ച പുസ്തകങ്ങളുടെ കുറിപ്പ് ക്ലാസദ്ധ്യപകന്റെ സഹായത്തോടെ തയ്യാറാക്കുന്നു
5. വായനാകുറുപ്പുകൾ അധ്യാപകരുടെയും കുട്ടികളുടെയും വായന മൂലയിൽ സമാഹരിക്കുന്നു.
6. കുട്ടികളുടെ പതിപ്പുകൾ തയ്യാറാക്കുന്നു.
7. അമ്മവായന

**3. കുട്ടികളുടെ വായന പ്രോത്സാഹിപ്പിക്കൽ**

ലക്ഷ്യങ്ങൾ

1. ലൈബ്രറി റൂം സജ്ജീകരിക്കൽ
2. എല്ലാ വിഷയവുമായി ബന്ധപ്പെട്ട പുസ്തക ശേഖരണം, പുസ്തകങ്ങൾ ക്രമീകരിക്കൽ, ഇരുന്ന് വായിക്കാനാവശ്യമായ ഫർണിച്ചറുകൾ ക്രമീകരിക്കൽ

3. പത്രങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും, ലൈബ്രറി ക്രമീകരിക്കൽ

4. പത്ര ക്വിസ്,

5. പത്രം തയ്യാറാക്കൽ

6. അസംബ്ലിയിൽ അവതരണം

7. വിവിധ മൽസരങ്ങൾ

8. പതിപ്പുകൾ തയ്യാറാക്കൽ

**4. അമ്മ ലൈബ്രറി**

ലക്ഷ്യങ്ങൾ

1. അമ്മമാരെ വായനയിലേക്ക് ആകർഷിക്കൽ

2. അമ്മമാരുടെ സാഹിത്യാദി രുചി വളർത്തുന്നതിലൂടെ കുട്ടിയുടെ സർഗശേഷി പ്രോത്സാഹിപ്പിക്കൽ

പ്രവർത്തനങ്ങൾ

1. അമ്മ വായനയ്ക്കായി പുസ്തക ശേഖരണം വായനാകുറിപ്പ്, ശേഖരണം അമ്മ സാഹിത്യ സമാജം വായനാ സെമിനാർ സംഘടിപ്പിക്കൽ.

2. വായനാ അനുഭവങ്ങൾ പങ്ക് വെക്കൽ

ചുമതല - S.R.G, M.P.T.A

കാലയളവ്- ജൂൺ-മാർച്ച്

ധന മാർഗം - M.P ഫണ്ട്, M.L.A ഫണ്ട്, ഗ്രാമപഞ്ചായത്ത്

**5. റേഡിയോയിലൂടെ**

ലക്ഷ്യങ്ങൾ

1. കുട്ടികളുടെ സർഗശേഷി വികസനം മാധ്യമങ്ങളെ അടുത്തറിയൽ

പ്രവർത്തനം

1. ആകാശവാണി ക്ലബ്ബ് രൂപികരണം

2. പ്രവർത്തങ്ങൾ ലിസ്റ്റ് ചെയ്യൽ

3. കുട്ടികളുടെ അവതരണം

4. മികച്ച പ്രകടനക്കാർ, ക്ലാസ്സുകൾ കണ്ടെത്തൽ

5. സമ്മാന വിതരണം

6. പൊതു വേദികളിൽ അവതരണം

ചുമതല - H.M, S.R.G, P.T.A

കാലയളവ്- 2018-2020

ധന മാർഗം - ഗ്രാമപഞ്ചായത്ത്

**6. വിദ്യാരംഗം കലാസാഹിത്യ വേദി**

ലക്ഷ്യങ്ങൾ

1. മലയാള ഭാഷയുടെ വികാസം

മേഖല :- അക്കാദമികം.

ഉപമേഖല :- ഗണിതശാസ്ത്രം

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | തുക | സാമ്പത്തിക സ്രോതസ് | ചുമതല | കാലം |
|---|---|---|---|---|---|---|
| 1 | ഗണിത അപബോധം രൂപപ്പെടുത്തൽ | ഗണിത പഠനം രസകരമാക്കാൻ ക്ലാസ് മുറി ക്രമീകരിക്കൽ, ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട ലൈബ്രറി പുസ്തകങ്ങൾ ക്ലാസ് ലൈബ്രറികളിൽ ലഭ്യമാക്കൽ | 5000 | S.S.A | S.R.G<br>S.M.C | |
| 2 | പ്രയോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിന് ശേഷി ആർജിക്കൽ | ഗണിത ലാബ്, കുട്ടികളിലെ ഗണിത പഠന പ്രശ്നങ്ങൾ പരിഹരിക്കാനായി അധ്യാപകരുടെ ക്രിയാ ഗവേഷണം | 200000 | MLA,MP | S.R.G<br>HM | |
| 3 | അളവുകളിൽ കൃത്യതയും സൂഷ്മതയും കുട്ടികളിൽ വളർത്തിയെടുക്കൽ | *ഗണിത ലാബ്<br>*കുട്ടികളുടെ ഗണിത പ്രശ്നങ്ങൾ പരിഹരിക്കുവാൻ അധ്യാപകരുടെ ക്രിയാ ഗവേഷണം | | | S.R.G<br>ക്ലാസ് അധ്യാപകർ | 1 വർഷം |
| 4 | നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാനുള്ള കഴിവ് ആർജിക്കാൻ ക്ലാസ് നിലവാരമനുസരിച്ച് കുട്ടികളെ പ്രപ്തരാക്കൽ | • ഗണിതോത്സവം<br>• ഗണിതശാസ്താംവുമായി ബന്ധപ്പെട്ട ലൈബ്രറി പുസ്തകങ്ങൾ ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ ക്ലാസ് ലൈബ്രറികളിൽ ലഭ്യമാക്കൽ | | | ക്ലാസ് അധ്യാപകർ<br>S.R.G | 1 വർഷം |

2. കലാകാരൻമാരെ പരിചയപ്പെടൽ
3. സർഗവാസന പ്രോത്സാഹിപ്പിക്കൽ എല്ലാ മാസവും ക്ലാസിന് 1 വീതം
4. മാസികകൾ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തൽ
5. കുട്ടികളുടെ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനായി ക്ലാസ് മീറ്റിഗുകൾ, പൊതു പരിപാടികൾ, ദിനാചരണങ്ങൾ, സ്കൂൾ അസംബ്ലി എന്നിവ വേദിയാക്കുന്നു.
6. ചിത്രരചനാ ശില്പശാല

7. സംഗീത പരിശീലനം
8. നാടക പരിശീലനം എന്നിവ കുട്ടികളുടെ താൽപര്യത്തിനനുസരിച്ച് രിശീലനം നൽകൽ
9. പൊതുപ്രശ്നം വിഷയമാക്കിയ കുട്ടികളുടെ തെരുവ് നാടകം, കേർണർ P.T.A യിലും പൊതുവേദികളിലും അവതരിപ്പിക്കൽ
10. നാട്ടിലെ കവികളെ ഉൾപ്പെടുത്തി കവിഅരങ്ങ് സംഘടിപ്പിക്കൽ.
11. യുവശക്തി ഗ്രന്ഥശാലയുമായി ചേർന്ന് വായനാമത്സരം, കുട്ടികളുടെ ർഗ ക്യാമ്പ്, എന്നിവ സംഘടിപ്പിക്കുന്നു.
12. കഥാ രചന, കവിതാരചന, ശില്പകാല സംഘടിപ്പിക്കൽ
13. അസംബ്ലി, റേഡിയോ ക്ലബ് ഇവയിൽ സ്വന്തം സൃഷ്ടികൾ ിചയപെടൽചുമതല - വിദ്യാരംഗം കലാസാഹിത്യ വേദി, S.R.Gകാലയളവ്- 2 വർഷം

ധന മാർഗം - M.P ഫണ്ട്, M.L.A ഫണ്ട്, ഗ്രാമപഞ്ചായത്ത്

**സ്കൂൾ ബ്ലോഗ്**

<u>ലക്ഷ്യങ്ങൾ</u>

1. സർഗശേഷി പ്രോത്സാഹിപ്പിക്കൽ
2. അധികവായന

<u>പ്രവർത്തനങ്ങൾ</u>

1. കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കുന്നതിന് സ്കൂൾ ബ്ലോഗുകൾ പ്രയോജനപ്പെടുത്തൽ
2. മികച്ച രചനകൾ- കുട്ടികൾ വരച്ച ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കൽ

**കുട്ടികളുടെ ഭാഷാപഠന പ്രശ്നം പരിഹരിക്കൽ**

<u>ലക്ഷ്യങ്ങൾ</u>

1. ഭാഷാ ശേഷി ആർജിക്കാൻ (വായന- ലേഖനം)
2. പിന്നോക്കമുള്ള കുട്ടികളുടെ പ്രശ്നം പരിഹരിക്കാൻ
3. അധ്യാപകരുടെ ക്രിയാത്മക ഗവേഷണം

ചുമതല - കോഡിനേറ്റർ

കാലയളവ്

ധന മാർഗം - M.P ഫണ്ട് M.L.A ഫണ്ട് ഗ്രാമപഞ്ചായത്ത്

# ശാസ്ത്ര പഠനം

മേഖല :- അക്കാദമികം.

ഉപമേഖല :- ശാസ്ത്ര പഠനം

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | തുക | സാമ്പത്തിക സ്രോതസ് | ചുമതല | കാലം |
|---|---|---|---|---|---|---|
| 1 | പരിസ്ഥിതിക അവബോധം വളർത്തുക. ശാസ്ത്ര പഠനത്തെ സാമൂഹിക ഇടപെടൽ ശേഷി വികാസനത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക. | *വീട്ടിൽ പച്ചക്കറി കൃഷി, സ്കൂളിൽ പച്ചക്കറിതോട്ടം, S.M.C, മാതൃസമിതി സഹായത്തോടെ.<br>* കൃഷിയിടങ്ങൾ സന്ദർശനം, നാട്ടിലെ കൃഷിക്കാവശ്യമായ ചർച്ച, കൃഷി പഠിപ്പിക്കൽ | 50000 | ഗ്രാമ പഞ്ചായത്ത് | S.R.G<br>HM<br>SMC | 1 വർഷം |
| 2 | ശാസ്ത്ര ചിന്ത, ശാസ്ത്ര നൈപുണി, ശാസ്ത്രബോധം ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | * ജൈവ വൈവിധ്യ പാർക്ക്<br>* സസ്യ വൈവിധ്യം, ആവാസ വ്യവസ്ഥ എന്നിവ മനസിലാക്കാനുള്ള പഠനയാത്ര.<br>* ശാസ്ത്ര പുസ്തകങ്ങൾ | 100000 | MLA<br>MP | HM<br>S.R.G | 1 വർഷം |
| 3 | CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക. | *സ്കൂൾ അങ്കണം ആകർഷകമാക്കൽ.<br>*അധ്യാപകരുടെ ക്രിയാഗവേഷണം<br>* CWSN കുട്ടികളെ ശാസ്ത്ര ബോധമുള്ളവരാക്കിമാറ്റൽ | 50000 | SSA,<br>MLA<br>MP | S.R.G<br>SMC | 1 വർഷം |
| 4 | സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ശാസ്ത്രത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും | * വീട്ടിൽ പച്ചക്കറി<br>* കൃഷി - സ്കൂളിൽ<br>* പച്ചക്കറിത്തോട്ടം | 50000 | ഗ്രാമ പഞ്ചായത്ത | S.R.G<br>SMC | 1 വർഷം |

| | | | | | | |
|---|---|---|---|---|---|---|
| | മനോഭാവവും നേടുക. | *കൃഷിയിടങ്ങൾ സന്ദർശനവും കൃഷിപഠിക്കലും നാട്ടിലെ കൃഷിക്കാവശ്യമായി ചർച്ച ചെയ്യൽ.<br>*സസ്യവൈവിധ്യം, ജന്തു,സസ്യ ആവാസ വ്യവസ്ഥ എന്നിവ മനസ്സിലാക്കാനായി പഠന യാത്രകൾ, സ്കൂളിലെ കൃഷിത്തോട്ടം | | | | |
| | | ജൈവ വൈവിധ്യ പാർക്ക് സജ്ജീകരിക്കൽ പ്ലാസ്റ്റിക്മ മാലിന്യത്തിനെതിരെ ബോധവൽക്കരണത്തിന് തെരുവ് നാടകം, കോർണർ, പി.റ്റി.എ പൊതു ഇടങ്ങളിലും അവതരിപ്പിക്കുന്നു. | | | | |
| | ജാതിമത ദേശലിംഗ വ്യത്യസത്തിനതീതമായ വ്യക്തിത്വം കുട്ടികളിൽ ആർജ്ജിക്കാനുള്ള അവബോധ മുണ്ടാക്കൽ | ഗ്രാമത്തിലെ വ്യത്യസ്ത പ്രദേശങ്ങൾ സന്ദർശിച്ച് ഭൂപ്രകൃതി വ്യത്യാസം ഇനങ്ങളുടെ തൊഴിൽ, കൃഷി, വ്യത്യസ്ത മത വിഭാഗങ്ങൾ പരസ്പരാശയത്തോടെ തലമുറകളായി ജീവിക്കുന്നതും ആചാരനുഷ്ടാനങ്ങളിലും ആഘോഷങ്ങളിലും പങ്കാളികളാകുന്നതും കുട്ടികൾ ബോധ്യപ്പെടാൻ സന്ദർശന പരിപാടികൾ നടത്തുന്നു. | 25000 | ഗ്രാമപഞ്ചായത്ത് | അവധി ക്കാല ക്യാമ്പ് | |
| | ശരിയായ മൂല്യവും മനോഭാവവും വളർത്തുന്നതിന് ശാസ്ത്ര പഠനത്തെ പ്രയോജനപ്പെടുത്തു | • പ്ലാസ്റ്റിക് മാലിന്യത്തിനെതിരെ ബോധവൽക്കരണത്തിന് തെരുവു നാടകം Coener P.T.A യിലും | 50000 | ഗ്രാമ പഞ്ചായത്ത് MLA | HM S.R.G | |

| | | | | | | |
|---|---|---|---|---|---|---|
| | ക. | പൊതു തുടങ്ങളിലും അവതരിപ്പിക്കുന്നു<br>* ഗ്രാമത്തിലെ വ്യത്യസ്ത പ്രദേശങ്ങൾ സന്ദർശിച്ച് ഭൂപ്രകൃതി വ്യത്യാസം, തൊഴിൽ, കൃഷി, വ്യതസ്ത മതവിഭാഗങ്ങൾ പരസ്പരാശ്രയത്തോടെ തലമുറ തലമുറയായി ജീവിക്കുന്നതിനും ആചാരാനുഷ്ടാനങ്ങളിലും ആഘോഷങ്ങളിലും പങ്കാളികളാകുന്നതിനും കുട്ടികളെ ബോധ്യപ്പെടുത്തുന്നതിനായി സന്ദർശന പരിപാടികൾ. | 50000 | MLA<br>ഗ്രാമ<br>പഞ്ചായത്ത് | SMC<br>S.R.G | |

മേഖല :- അക്കാദമികം.

ഉപമേഖല :- ഇംഗ്ലീഷ്

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | തുക | സാമ്പത്തിക സ്രോതസ് | ചുമതല | കാലം |
|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരി ക്കുവാനുമുള്ള ശേഷി വികസി പ്പിക്കൽ | *ലാംഗ്വേജിന് മുൻപ് ഇംഗ്ലീഷ് ലൈബ്രറി | 200000 | MLA MP | SMC S.R.G | 2 വർഷം ജൂൺ മുതൽ എല്ലാ ദിവസവും നടത്തുന്നത്. |
| | | * Let us talk എല്ലാ ദിവസവും 10 മിനിറ്റ്. | | | S.R.G | |
| | | • Who am I എല്ലാ അസംബ്ലിയിലും ഒരാൾ | | | S.R.G | |
| | | • G K Questions എല്ലാ അസംബ്ലിയിലും ക്ലാസിലും | | | S.R.G | |
| | | • Thoughts of the day അസംബ്ലിയിൽ | | | S.R.G | |
| | | • 'Word of the day' ഓരോ ദിവസവും ഓരോ പുതിയ വാക്കുവീതം നോട്ടീസ് ബോഡിൽ പരിചയപ്പെടുത്തുന്നു. | | | ഇംഗ്ലീഷ് അധ്യാപകർ S.R.G | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സുകൾക്ക് തുടക്കം | | ഇംഗ്ലീഷ് അദ്ധ്യാപകർ | | ജൂൺ |
| | എല്ലാ ആഴ്ചയിലും വിദഗ്ധരുടെ സഹായത്തോടെ സ്പോക്കൺ ഇംഗ്ലീഷ് | | ഇംഗ്ലീഷ് അദ്ധ്യാപകർ | | |
| | രാവിലെ 10 മിനിറ്റ് എല്ലാ ക്ലാസ്സിലും ഇംഗ്ലീഷിൽ വീട്ടു വിശേഷം പറച്ചിൽ | | ക്ലാസ്സ് ടീച്ചർ | | |
| | എല്ലാ കുട്ടികളേയും പരിചയ പ്പെടുത്തുന്ന മൈ സെൽഫ് എല്ലാ ദിവസവും അസംബ്ലി യിൽ ഒരാൾ. | | ക്ലാസ് ടീച്ചർ | | ജൂലൈ |
| | ഇംഗ്ലീഷ് ഡയറി എഴുത്ത് | | ക്ലാസ് ടീച്ചർ | | ആഴ്ചയിൽ 3 |
| | 'Have a nice day' ആഴ്ചയിൽ ഒരു ദിവസം സ്കൂൾ മലയാളം പീരിയഡ് ഒഴിച്ച് ബാക്കി സമയമെല്ലാം സംസാരം ഇംഗ്ലീഷ് ൽ മാത്രം. | | പ്രഥമാധ്യാപകർ<br>എസ്.ആർ.ജി | | |
| | ഇംഗ്ലീഷ് - ന് സവിശേഷ പാക്കേജ് (Nice to meet you) | | എച്ച്.എം.<br>എസ്.ആർ.ജി<br>ഇംഗ്ലീഷ് ടീച്ചർ | | ആഗസ്റ്റ് |
| | 'Display board for English' | 10000/- | എസ്.ആർ.ജി<br>ഇംഗ്ലീഷ് അദ്ധ്യാപകർ | ഗ്രാമ പഞ്ചായത്ത് | |
| | Thought of the day in bulletin board | | എസ്.ആർ.ജി<br>ഇംഗ്ലീഷ് | | |

| | | | | | |
|---|---|---|---|---|---|
| | | | അദ്ധ്യാപകർ | | |
| | Spoken English പരിശീലനം രക്ഷിതാക്കൾക്കും | 1000 | എസ്.ആർ.ജി, എച്ച്.എം ഇംഗ്ലീഷ് അദ്ധ്യാപകർ | ഗ്രാമപഞ്ചായത്ത് | 1 വർഷം |
| | English Assembly | | ക്ലാസ്സ് ടീച്ചർ | | ആഴ്ചയിൽ ഒരു ദിവസം |
| | English class news paper | | ഇംഗ്ലീഷ് ടീച്ചർ | | |
| | Snap of the day (ഒരു ദിവസം സംഭവിച്ചതിൽ കുട്ടിയുടെ മനസ്സിൽ തങ്ങി നിൽക്കുന്ന ഒരു അനുഭവം ക്ലാസ്സിൽ പതിവായി തൂക്കിയിരിക്കുന്ന ബോഡിൽ കുറിക്കുന്നു: - ഒരു വാക്കോ ഒരു വാചകമോ കുറഞ്ഞത്) | | ഇംഗ്ലീഷ് ടീച്ചർ ക്ലാസ്സ് ടീച്ചർ | | |
| | രാവിലെ 10 മിനിട്ട് എല്ലാ ക്ലാസിലും വിട്ടുവിശേഷം പറയൽ ഊഴമിട്ട് (Let us talk) | | ക്ലാസ് ടീച്ചർ | | പ്രതിദിനം |
| | വീട്ടിൽ ചെന്നാൽ സ്കൂളിലെ വിശേഷങ്ങൾ അച്ഛനും അമ്മയ്ക്കും ഇംഗ്ലീഷി - ൽ | | ഇംഗ്ലീഷ് ടീച്ചർ | | പ്രിതിദിനം |
| | മൊബൈലിൽ റെക്കോർഡ് ചെയ്തു ക്ലാസ്സ് പി.റ്റി.എ യിൽ അവതരണം. | | എസ്.ആർ.ജി എച്ച്.എം ആദ്ധ്യാപകർ | | ഓരോ മാസവും |
| | സ്കൂൾ ൽ എന്തുനടന്നാലും (ദിനാചരണം, ക്ലാസ് പി.റ്റി.എ) | | എസ്.ആർ.ജി എച്ച്.എം | | ഓരോ മാസവും |

| | | | | | | |
|---|---|---|---|---|---|---|
| | | പിന്നെറ്റ് അസംബ്ലിയിൽ അതിനെകുറിച്ച് വിലയിരുത്തി പറയൽ - ഇംഗ്ലീഷിൽ 2 പേർ വീതം<br>2 പേർ വീതം | | ആദ്ധ്യാപകർ | | |
| | | ഇംഗ്ലീഷിൽ സയൻസ് ക്വിസ് | | ക്ലാസ് ടീച്ചർ | | ഓരോ ദിവസവും |
| | | ചുറ്റും നടക്കുന്നതും കുട്ടികൾക്ക് പ്രശസ്തവുമായ ഇംഗ്ലീഷിൽ ഉള്ള വീഡിയോ പ്രസംഗം എന്നിവ പെട്ടന്ന് തന്നെ കാണിക്കുക. (നോബൽ സമ്മാനം കിട്ടിയപ്പോൾ മലാല നടത്തിയ പ്രസംഗം) | | എസ്.ആർ.ജി ഇംഗ്ലീഷ് ടീച്ചർ | | പ്രതിദിനം |
| | | ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനും ആത്മവിശ്വാസം വളർത്താനും പറ്റും വിധം ഓരോ പ്രവർത്തനങ്ങളിലും സ്ലോട്ടുകൾ | | എസ്.ആർ.ജി ഇംഗ്ലീഷ് ടീച്ചർ | | 1 വർഷം |
| | | ഇംഗ്ലീഷ് ചിത്രകഥാ പുസ്തകം കഥകൾ, കവിത. ബാലമാസിക ഇവ വായിക്കുവാൻ അവസരം. | | എസ്.ആർ.ജി | എം.എൽ.എ ഗ്രാമപഞ്ചായത്ത് | 50000 |
| | | ഇംഗ്ലീഷ് ക്യാമ്പ് | 10000 | എസ്.ആർ.ജി | എം.എൽ.എ ഗ്രാമപഞ്ചായത്ത് | ഫെബ്രുവരി |

| | | | | | | |
|---|---|---|---|---|---|---|
| | | ഓരോ ഇംഗ്ലീഷ് യൂണിറ്റുമായി ബന്ധപ്പെട്ട് കഥാപാത്രങ്ങളെ വരച്ച് കട്ട് ഔട്ട് തയ്യാറാക്കുക. | | | | ആഴ്ചയിൽ |
| | | ബിഗ് പിക്ചർ വച്ച് ഇവയെ അവതരിപ്പിക്കുക. | | | | ആഴ്ചയിൽ |
| | | മുഖം മൂടി വച്ച് റോൾ പ്ലേ നടത്തുക. | | | | ആഴ്ചയിൽ |
| | | ഓരോ യൂണിറ്റ് കഴിയുമ്പോഴും അതിനെ നടകമാക്കുക. | | എസ്.ആർ.ജി ഇംഗ്ലീഷ് അദ്ധ്യാപകർ | | ഡിസംബർ |
| | | കോറിയോഗ്രാഫി ചെയ്യുക | | എസ്.ആർ.ജി ക്ലാസ്സ് ടീച്ചർ | | |
| | | ഇംഗ്ലീഷ് യൂണിറ്റ് ആഖ്യാനം ചേർത്ത് മാറ്റി എഴുതൽ | | ക്ലാസ്സ് ടീച്ചർ | | |
| | | ഓരോ ആഴ്ച അവസാനവും ഇംഗ്ലീഷ് സമാജം - ഇംഗ്ലീഷ് അവതരണം. | | എസ്.ആർ.ജി ഇംഗ്ലീഷ് ടീച്ചർ | | |
| | | ഇംഗ്ലീഷ് സിറ്റി 2 ആഴ്ചയിൽ ഒരുദിവസം സ്കൂൾ ഹാൾ ഏതെങ്കിലും ഒരു വിശേഷതയുള്ള സ്ഥലമായി ക്രമീകരിച്ച് കുട്ടികൾക്ക് അവിടേക്ക് വിസിറ്റ് ചെയ്യുവാൻ അവസരം ഇംഗ്ലീഷ് മാത്രം ഉപയോഗിക്കുക. സിറ്റിക്കുള്ളിൽ (eg: Festival ground, Market, Bust stand, Zoo, Park, Book Stall, | | എസ്.ആർ.ജി ഇംഗ്ലീഷ് ടീച്ചർ | | |

# ഉപസംഹാരം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി ലക്ഷ്യമിടുന്ന എല്ലാ തലങ്ങളും സമഗ്രമായി അപഗ്രഥിച്ചാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത് - വിഷയാടിസ്ഥാനത്തിലുള്ള മികവിനൊപ്പം ആധുനിക കാലത്തെ വെല്ലുവിളികളെ നേരിടുന്നതിന് കുട്ടികളെ സജ്ജരാക്കാൻ ഇതിലൂടെ കഴിയുമെന്ന ശുഭാപ്തി വിശ്വാസമുണ്ട്. അക്കാദമിക് മാസ്റ്റർ പ്ലാൻ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിന് എല്ലാവരുടേയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കട്ടെ.

GOVT.L.P.SCHOOL, PANAPPETTY
Date...............................

VIDYARANI.B.I
PEN.608648
HEADMISTRESS
GLPS, PANAPPETTY